I/85703/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി താലൂക്ക്-ഇരിട്ടി മുനിസ്സിപ്പാലിറ്റി- കീഴൂർ വില്ലേജ്- റീ.സ.നമ്പർ 52/112 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായസാധ്യതാ ഗണത്തിൽ ഉൾപ്പെടുന്ന ഒരു പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ശ്രീ.റിയാസ്. കെ.പി, കുറുസ്സിപ്പറമ്പത്ത്, മുയിപ്പോത്ത് .പി.ഒ,ചെറുവണ്ണൂർ, കോഴിക്കോട്-673524 എന്നവർ 23/11/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ

---

**ഉത്തരവ് നമ്പർ TCPKNR/1274/2022-C തീയതി 09-02-2023**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ, കീഴൂർ വില്ലേജിൽ ഇരിട്ടി മുനിസ്സിപ്പാലിറ്റി പരിധിയിൽ റി. സ. നമ്പർ 52/112 ൽ ഉൾപ്പെടുന്ന 3035 ച.മീ മൊത്തം വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ലീസിനു എടുത്തിട്ടുള്ള 1225 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ഐ അപായസാധ്യതാ ഗണത്തിൽ പെടുന്ന 185.14 ച.മീ വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീട്ടെയിൽ ഔട് ലെറ്റ് നിർമ്മിക്കുന്നതിന് (സെയിൽസ് ബിൽഡിംഗ്-27.19 ച.മീ, കനോപി-145 ച.മീ, ടോയിലെറ്റ് ബ്ലോക്ക്-12.95 ച.മീ) നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി ശ്രീ.റിയാസ്. കെ.പി, കുറുസ്സിപ്പറമ്പത്ത്, മുയിപ്പോത്ത് .പി.ഒ, ചെറുവണ്ണൂർ, കോഴിക്കോട്-673524 എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KMBR-2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KMBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, lease deed, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ചു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. പ്ലോട്ടിന്റെ മൂന്ന് വശങ്ങളിലും വിഭാവനം ചെയ്തിട്ടുള്ള Retaining wall ശാസ്ത്രീയമായ രീതിയിലാണ് നിർമ്മിക്കുന്നതെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർമ്മാണം KMBR-2019-നും, അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
5. KMBR-2019 ചട്ടം 76(1), (3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, Urban forestry എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
6. KMBR-2019 ചട്ടം 42(1)(3),(4) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത disabled toilet, ടോയ് ലെറ്റിലേക്കുള്ള റാമ്പ് (1 in 12 slope) എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
7. KMBR-2019 ചട്ടം 34(3)(2),(3) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത ശുചീകരണ സംവിധാനങ്ങൾ സന്ദർശകർക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ആണെന്ന് ഉറപ്പാക്കുക.
8. പമ്പിൽ നിന്നും മെയിൻ റോഡിലേക്ക് ഇറങ്ങുന്ന വശത്തു, റോഡിൽ നിന്നും sight distance ലഭിക്കുന്ന വിധം പ്ലോട്ടിനോട് ചേർന്ന് വടക്ക് ഭാഗത്തുള്ള lessor-ന്റെ

സ്ഥലത്തുള്ള മൺതിട്ടയുടെ ഉയരം ക്രമീകരിക്കേണ്ടതാണ്.

9. 1.5 മീറ്ററിൽ കൂടുതൽ ആഴത്തിലുള്ള മണ്ണ് ഖനനം ആവശ്യമായതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും NOC ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

എൽ. എ നമ്പർ 7/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമത് അല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനു സൃതമായ നിർമ്മാണവികസന അനുമതി ബന്ധപ്പെട്ട/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം .ആരംഭിക്കാൻ പാടുള്ളൂ

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ - 670 002, തദ്ദേശ സ്വയംഭരണ വകുപ്പ്

To

സെക്രട്ടറി, ഇരിട്ടി മുനിസ്സിപ്പാലിറ്റി

<u>പകർപ്പ്</u>

1) ശ്രീ.റിയാസ്. കെ.പി, കുറുസ്സിപ്പറമ്പത്ത്, മുയിപ്പോത്ത് .പി.ഒ, ചെറുവണ്ണൂർ, കോഴിക്കോട്-673524

2)ഫയൽ 3) കരുതൽ ഫയൽ